# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗുരുദേവ് യു പി എസ്
## ദർശനാവട്ടം
## 2025-26

## സ്കൂൾതല പ്രൊജക്റ്റ്

# സ്കൂൾതല പ്രൊജക്റ്റ്

## വിഷയം : കുട്ടികളുടെ ഡിജിറ്റൽ ആസക്തി

## കാലാവധി : 1 വർഷം

കുട്ടികളുമായി ബന്ധപ്പെട്ട നിരവധി സാമൂഹ്യ വിഷയങ്ങൾ പരിഗണിച്ചതിൽ നിന്നും ഈ വിഷയം കാലിക പ്രാധാന്യമുള്ളതാണെന്ന അഭിപ്രായം രൂപപ്പെടുകയും ഈ വിഷയത്തെ പഠന വിധേയമാക്കാൻ തീരുമാനിക്കുകയും ചെയ്തു .

## ലക്ഷ്യം

ഡിജിറ്റൽ ആസക്തിയിൽ നിന്ന് കുട്ടികളെ മോചിപ്പിക്കുകയും അധ്യാപകരെയും സമൂഹത്തെയും ബോധവത്കരിക്കുകയും ചെയ്യുക

ലഭ്യമായ വിവരങ്ങളുടെ പരിശോധന :
* രക്ഷാകർത്താക്കളുമായി ആശയവിനിമയം
* കുട്ടികളുമായി ആശയവിനിമയം
* ജേർണലുകൾ ,പഠനറിപ്പോർട്ടുകൾ ഇവയുടെ വിലയിരുത്തൽ

## സർവ്വേ

* സർവ്വേ ചോദ്യാവലി തയ്യാറാക്കൽ.
*ചോദ്യാവലി തയ്യാറാക്കാന് കുട്ടികൾക്ക് അവസരം നൽകുന്നു .
*വിഷയത്തിൽ വിദഗ്ധരുടെ അഭിപ്രായം സ്വീകരിക്കുന്നു .
*ചോദ്യാവലി തയ്യാറാക്കുന്നു .
*രക്ഷകർത്താക്കളിൽ ചോദ്യാവലി എത്തിക്കുന്നു .
*കുട്ടികൾ തന്നെ ആവശ്യമായ വിശദീകരണം നൽകുന്നു .
*ഗ്രൂപ്പ് പ്രവർത്തനമായി കുട്ടികൾ ഏറ്റെടുക്കുന്നു

# ഗുരുദേവ് യു. പി. എസ്., ദർശനാവട്ടം

# സാമൂഹ്യശാസ്ത്രം ക്ലബ്ബ്

## കുട്ടികളിലെ ഡിജിറ്റൽ ആസക്തി

## സർവ്വേ ചോദ്യാവലി

1. കുട്ടിയുടെ പേര് :
2. ആൺകുട്ടി ☐ പെൺകുട്ടി ☐
3. ക്ലാസ്സ് :
4. സ്കൂളിന്റെ പേര് :

**ഉപകരണങ്ങൾ ഉപയോഗിക്കുന്ന രീതി**

1. നിങ്ങളുടെ കുട്ടി മൊബൈൽ ഫോൺ/ടാബ്/കമ്പ്യൂട്ടർ ഉപയോഗിക്കുന്നുണ്ടോ ?
   - ഉണ്ട് ☐
   - ഇല്ല ☐
2. ശരാശരി എത്ര മണിക്കൂർ കുട്ടി ഈ ഉപകരണങ്ങൾ ഉപയോഗിക്കാറുണ്ട് ?
   - 1 മണിക്കൂറിൽ കുറവ് ☐
   - 1-2 മണിക്കൂർ ☐
   - 3-4 മണിക്കൂർ ☐
   - 4 മണിക്കൂറിൽ കൂടുതൽ ☐
3. ഈ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് താഴെപ്പറയുന്നതിൽ എന്തിനെല്ലാം വേണ്ടിയാണ് ?
   - ഓൺലൈൻ ക്ലാസ്സുകൾക്ക് ☐
   - ചാറ്റിംഗ് ☐
   - പഠന ആവശ്യങ്ങൾക്ക് ☐
   - ഗെയിം കളിക്കാൻ ☐
   - യൂട്യൂബ് ☐
   - സോഷ്യൽ മീഡിയ ☐
4. ഏത് സമയത്താണ് കുട്ടി പ്രധാനമായും ഈ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് ?
   - രാവിലെ ☐
   - വൈകുന്നേരം ☐
   - രാത്രി ☐
   - എപ്പോൾ കിട്ടിയാലും ☐

**സ്വഭാവത്തിൽ നിന്ന് ലഭിക്കുന്ന സൂചനകൾ**

5. ഈ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് നിർത്താൻ ആവശ്യപ്പെടുമ്പോൾ കുട്ടി ദേഷ്യപ്പെടാറുണ്ടോ ?
   - ഇല്ല ☐
   - ചില സമയങ്ങളിൽ ☐
   - എല്ലായിപ്പോഴും ☐
6. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നതിൽ കുട്ടി താൽപ്പര്യക്കുറവ് കാണിക്കാറുണ്ടോ ?
   - ഉണ്ട് ☐
   - ഇല്ല ☐
7. കുട്ടി കുടുംബാംഗങ്ങളോടൊപ്പം ഇരിക്കാനാണോ, ഡിജിറ്റൽ സ്ക്രീനിന്റെ മുന്നിലിരിക്കാനാണോ കൂടുതൽ താൽപ്പര്യം കാണിക്കുന്നത് ?
   - കുടുംബം ☐
   - ഡിജിറ്റൽ ഇടം ☐
8. കുട്ടിയുടെ ഉറക്കത്തിന്റെ സമയക്രമത്തിൽ മാറ്റം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?
   - ഉണ്ട് ☐
   - ഇല്ല ☐

(മറുപുറം)

9. നിങ്ങൾ കാണാത്തവിധം മറഞ്ഞിരുന്ന് മൊബൈൽ ഫോൺ കുട്ടി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

- ഉണ്ട് ☐
- ഇല്ല ☐

## രക്ഷാകർത്താവിന്റെ ഇടപടലും ശ്രദ്ധയും

10. കുട്ടിയുടെ ഡിജിറ്റൽ ഉപയോഗത്തെ ശ്രദ്ധയോടെ നിരീക്ഷിക്കാറുണ്ടോ ?

- ഉണ്ട് ☐
- ഇല്ല ☐

11. കുട്ടികൾക്ക് നൽകുന്ന ഡിജിറ്റൽ ഉപകരണത്തെ സാങ്കേതികമായി നിയന്ത്രിക്കാനുള്ള അറിവ് നിങ്ങൾക്കുണ്ടോ ?

- ഉണ്ട് ☐
- ഇല്ല ☐

12. ആരോഗ്യകരമായി ഈ ഉപകരണങ്ങൾ എങ്ങനെ ഉപയോഗിക്കാം എന്നതിനെക്കുറിച്ച് നിങ്ങൾ കുട്ടികളോട് സംസാരിച്ചിട്ടുണ്ടോ ?

- ഉണ്ട് ☐
- ഇല്ല ☐

13. ഈ വിഷയത്തിൽ വിദഗ്ധരുടെ ഉപദേശം ആവശ്യമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ ?

- ഉണ്ട് ☐
- ഇല്ല ☐

14. നിങ്ങളുടെ കുട്ടി ഡിജിറ്റൽ ഉപകരണങ്ങൾക്ക് അടിമയാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ ?

- ഉണ്ട് ☐
- ഇല്ല ☐
- എനിക്ക് അറിയില്ല ☐

15. നിങ്ങൾ മൊബൈൽ ഫോണിന് അടിമയാണെന്ന് സ്വയം കരുതുന്നുണ്ടോ ?

- ഉണ്ട് ☐
- ഇല്ല ☐
- എനിക്ക് അറിയില്ല ☐